ലേഖനം ● എ.ആർ

# പരമാധികാരം വെല്ലുവിളിക്കപ്പെടുന്ന പാകിസ്താൻ

**പിറവിയുടെ** ആറ് പതിറ്റാണ്ട് പൂർത്തിയാക്കിയ പാകിസ്താൻ അസ്ഥിരതയുടെയും അനിശ്ചിതത്വത്തിന്റെയും നിരന്തരമായ സൈനിക ഇടപെടലുകളുടെയും അസൂയാർഹമല്ലാത്ത ചരിത്രം അയവിറക്കുന്നതോടൊപ്പംതന്നെ, പരമാധികാരവും സ്വയംനിർണയാവകാശവും കൂടി കളഞ്ഞുകുളിക്കേണ്ട അഭൂതപൂർവമായ ഭീഷണി രാജ്യത്തെ തുറിച്ചുനോക്കുന്നതാണ് ഏറ്റവും പുതിയ സാഹചര്യം. പത്തു വർഷം മുമ്പ് അട്ടിമറിയിലൂടെ അധികാരം പിടിച്ചെടുത്ത ജനറൽ പർവേസ് മുശർറഫ് തെരഞ്ഞെടുപ്പിലൂടെ അവരോധിതമായ ജനകീയ സർക്കാറിന്റെ ഇംപീച്ച്മെന്റ് ഭീഷണിയെത്തുടർന്ന് പ്രസിഡന്റ് പദവി വിട്ടൊഴിയേണ്ടിവന്നപ്പോൾ ജനാധിപത്യത്തിലേക്കുള്ള തിരിച്ചുപോക്ക് യാഥാർഥ്യമാവുന്നു എന്നായിരുന്നു പലരുടെയും പ്രതീക്ഷ. എന്നാൽ ബേനസീർ ഭൂട്ടോയുടെ തിരിച്ചുവരവിനും അവരുടെ ഭർത്താവ് ആസിഫലി സർദാരിയുടെ അഴിമതിക്കേസ് മുക്തിക്കും വേണ്ടി മുശർറഫുമായി യവനികക്ക് പിന്നിൽ ധാരണയിലേർപ്പെട്ടിരുന്ന ഭരണകക്ഷിയായ പി.പി.പി കരണംമറിച്ചിലുകൾക്കൊടുവിൽ മുശർറഫിന്റെ ഇംപീച്ച്മെന്റിനെ അനുകൂലിച്ചത് ഒളിയജണ്ടയുടെ പുറത്താണെന്ന് താമസിയാതെ വ്യക്തമായി.

മകൻ ബിലാവലിനെ പാർട്ടിയുടെ തലപ്പത്തിരുത്തി തിരുവളയിട്ട് ആരംഭിച്ച സർദാരി, പാർട്ടിക്കും സഖ്യകക്ഷികൾക്കും ഫെഡറൽ സർക്കാർ രൂപവത്കരിക്കാൻ അവസരം ലഭിച്ചപ്പോൾ പ്രധാനമന്ത്രി പദം സ്വയം ഏറ്റെടുക്കാതെ യൂസുഫ് റസാ ഗീലാനിയെ തദ്സ്ഥാനത്തിലിരുത്തിയതിന്റെ രസതന്ത്രവും പുറത്താവാൻ അധികനാൾ വേണ്ടിവന്നില്ല. ഭരണഘടനയെ അട്ടിമറിച്ച് പർവേസ് മുശർറഫ് എഴുതിച്ചേർത്ത അമിതാധികാരങ്ങളുള്ള പ്രസിഡന്റ് പദവിയിലായിരുന്നു സർദാരിയുടെ നോട്ടം. മുശർറഫിനെ പുറത്താക്കാൻ സർദാരി കൂട്ടുനിന്നത് രാജ്യത്ത് ജനാധിപത്യം സ്ഥാപിക്കാനുള്ള തത്രപ്പാടിലായിരുന്നില്ല; താൻ തന്നെ പ്രസിഡന്റാവണമെന്ന മോഹം പൂവണിയാൻ തടസ്സങ്ങളില്ല എന്ന തിരിച്ചറിവിൽനിന്നായിരുന്നു. അങ്ങനെ, നേരമായപ്പോൾ മുതിർന്ന നേതാക്കളുടെ മുറുമുറുപ്പ് വകവെക്കാതെ സർദാരി പ്രസിഡന്റ് സ്ഥാനാർഥിയായി. അതേവരെ ഭരണത്തിൽ കൂട്ടായിരുന്ന നവാസ് ശരീഫിന്റെ പാകിസ്താൻ മുസ്‌ലിം ലീഗിന്റെ നീരസമോ എതിർപ്പോ അഴിമതിയിലൂടെയും വഴിവിട്ട ജീവിതശൈലിയിലൂടെയും കുപ്രസിദ്ധി നേടിയ ഈ സിന്ധിലെ ഭൂവുടമക്ക് പ്രശ്നമായില്ല. മസിൽപവർ രാഷ്ട്രീയത്തിന്റെയും വംശീയവാദത്തിന്റെയും ബലത്തിൽ, മുഹാജിറുകൾക്ക് നിർണായക ഭൂരിപക്ഷമുള്ള കറാച്ചി അടക്കിവാഴുന്ന അൽത്താഫ് ഹുസൈന്റെ മുത്തഹിദ ഖൗമി മൂവ്മെന്റിന്റെ പിന്തുണ ഉറപ്പാക്കാൻ സർദാരിക്ക് പ്രയാസമുണ്ടായില്ല. അതിർത്തി ഗാന്ധി ഖാൻ അബ്ദുൽ ഗഫാർ ഖാന്റെ പേരമക്കൾ പക്തൂൺ ഉപദേശീയതയുടെ മേൽവിലാസത്തിൽ തട്ടികൂട്ടിയ അവാമി നാഷണൽ പാർട്ടി മാത്രമല്ല, മത-രാഷ്ട്രീയ സംഘടനകളുടെ മുന്നണിയായ എം.എം.എയുടെ മുഖ്യ ഘടകമായ മൗലാനാ ഫസ്‌ലുർറഹ്മാന്റെ ജംഇയ്യത്ത് ഉലമായെ ഇസ്‌ലാമും അവസരവാദ രാഷ്ട്രീയത്തിന് അടിവരയിട്ടുകൊണ്ട് ആസിഫ് സർദാരിയെത്തന്നെ പിന്തുണച്ചു. അങ്ങനെയാണ് ദേശീയ അസംബ്ലിയും സെനറ്റും നാലു പ്രവിശ്യ നിയമസഭകളും ചേർന്ന് 702 അംഗ

●

**പാർട്ടിക്കും സഖ്യകക്ഷികൾക്കും ഫെഡറൽ സർക്കാർ രൂപവത്കരിക്കാൻ അവസരം ലഭിച്ചപ്പോൾ പ്രധാനമന്ത്രി പദം സ്വയം ഏറ്റെടുക്കാതെ യൂസുഫ് റസാ ഗീലാനിയെ തദ്സ്ഥാനത്തിലിരുത്തിയതിന്റെ രസതന്ത്രവും പുറത്താവാൻ അധികനാൾ വേണ്ടിവന്നില്ല. ഭരണഘടനയെ അട്ടിമറിച്ച് പർവേസ് മുശർറഫ് എഴുതിച്ചേർത്ത അമിതാധികാരങ്ങളുള്ള പ്രസിഡന്റ് പദവിയിലായിരുന്നു സർദാരിയുടെ നോട്ടം. മുശർറഫിനെ പുറത്താക്കാൻ സർദാരി കൂട്ടുനിന്നത് രാജ്യത്ത് ജനാധിപത്യം സ്ഥാപിക്കാനുള്ള തത്രപ്പാടിലായിരുന്നില്ല; താൻ തന്നെ പ്രസിഡന്റാവണമെന്ന മോഹം പൂവണിയാൻ തടസ്സങ്ങളില്ല എന്ന തിരിച്ചറിവിൽനിന്നായിരുന്നു.**

●



ആസിഫ് അലി സർദാരി



നവാസ് ശരീഫ്

ഇലക്ടറൽ കോളേജിൽ 481 വോട്ടും അടിച്ചെടുത്ത് ബേനസീറിന്റെ ഭർത്താവ് പാകിസ്താന്റെ പതിനാലാമത് പ്രസിഡന്റാവുന്നത്. നവാസ് ശരീഫിന്റെ നോമിനി ജസ്റ്റിസ് സഈദുസ്സമാൻ സിദ്ദീഖിക്ക് 111 വോട്ടുകൾ കൊണ്ട് തൃപ്തിയടയേണ്ടിവന്നു. മുശർറഫ് അനുകൂല പാകിസ്താൻ മുസ്‌ലിംലീഗ് (ക്യൂ) സ്ഥാനാർഥി മുശാഹിദ് ഹുസൈനെ തുണച്ചത് വെറും 34 വോട്ടും.

ജനപ്രതിനിധികളാണ് തന്നെ തെരഞ്ഞെടുത്തതെന്നതുകൊണ്ട് തീർത്തും ജനാധിപത്യപരമാണ് തന്റെ പ്രസിഡന്റ് സ്ഥാനലബ്ധിയെന്ന് സർദാരിക്ക് തീർച്ചയായും അവകാശപ്പെടാം. ജയിച്ചുകയറിയ സർദാരിയെ നവാസ് ശരീഫ് അനുമോദിച്ചതും യാഥാർഥ്യബോധത്തോടെയാണ്. അതേസമയം തങ്ങളുടെ പുതിയ പ്രസിഡന്റിന്റെ ഭൂതകാലത്തെച്ചൊല്ലിയുള്ള ആശങ്ക പാക് മാധ്യമങ്ങൾ മറച്ചുവെച്ചില്ല. വിലക്കെടുക്കാൻ കഠിനാധ്വാനം വേണ്ടിവരാത്ത ഒരുവനെതന്നെ മുശർറഫിന്റെ പിൻഗാമിയായി ലഭിച്ചതിൽ അമേരിക്കയും ആശ്വസിക്കുകയേ ചെയ്യൂ. 'യഥാരാജ തഥാ പ്രജ' എന്ന രാജഭരണകാലത്തെ ആപ്തവാക്യം ജനാധിപത്യയുഗത്തിൽ 'യഥാ പ്രജ തഥാ രാജ'യായി തിരുത്തപ്പെട്ടതിന്റെ സാക്ഷ്യം കൂടിയാണ് സർദാരിയുടെ സ്ഥാനാരോഹണം.

ഫ്യൂഡലിസവും ജന്മിത്വവും ദേശീയ ബഹുരാഷ്ട്ര കുത്തകകളും പൗരോഹിത്യവും ചേർന്ന് പരുവപ്പെടുത്തിയ പാക് മണ്ണിൽ സമ്മതിദായകരുടെ വലിയ പങ്ക് പോളിംഗ് ബൂത്തിലെത്താറില്ലെന്നത് ഒരു കാര്യം. എത്തുന്നവരെ നയിക്കുന്നത് വംശീയതയും ധനപൂജയും സങ്കുചിത മതവിഭാഗീയതയുമാണെന്നതു കൊണ്ട് ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് പാകിസ്താൻ എന്ന സങ്കൽപത്തെ ലജ്ജാകരമായി വ്യഭിചരിക്കുന്നവരെ മാത്രം അവസരങ്ങൾ മാറിമാറി കടാക്ഷിക്കുന്നു. അഴിമതിക്കേസിൽ ജയിലിൽ കിടക്കെ ആത്മഹത്യക്ക് ശ്രമിച്ച ഒരു വിവാദനായകനെ പാർലമെന്റിനെ പിരിച്ചുവിടാൻ കൂടി അധികാരമുള്ള പ്രസിഡന്റ് പദവിയിൽ പ്രതിഷ്ഠിക്കാൻ താലിബാന്റെ ആത്മീയ ഗുരുവായ മൗലാനാ ഫസ്‌ലുർറഹ്മാനു പോലും മനസ്സാക്ഷിക്കുത്തുണ്ടായില്ലെങ്കിൽ, തീർച്ചയായും തങ്ങൾ അർഹിക്കുന്ന ഭരണാധികാരിയെത്തന്നെയാണ് ഖാഇദെ അഅ്‌സമിന്റെ രാജ്യത്തെ ജനങ്ങൾക്ക് ലഭിച്ചിരിക്കുന്നത്.

പക്ഷേ ഇസ്‌ലാമാബാദിലെ പ്രസിഡൻഷ്യൽ പാലസിൽ പഴയ ബിലാവൽ ഹൗസിലെ നേരമ്പോക്കുകൾ ആവർത്തിക്കാനുള്ള സ്വാസ്ഥ്യം ആസിഫ് സർദാരിക്ക് ലഭിക്കുകയില്ലെന്നാണ് പ്രഥമ സൂചന. പാകിസ്താൻ സർക്കാറിന്റെ സമ്മതത്തിന് കാത്തിരിക്കാതെ അതിർത്തികടന്നു തീവ്രവാദി കേന്ദ്രങ്ങൾ ആക്രമിക്കാൻ അമേരിക്കൻ പ്രസിഡന്റ് ജോർജ് ഡബ്ലിയു ബുഷ് അഫ്ഗാനിസ്താനിലെ യാങ്കിപ്പടക്ക് രഹസ്യ നിർദേശം നൽകിയ വാർത്ത *ന്യൂയോർക്ക് ടൈംസ്* വെളിപ്പെടുത്തിയതോടെ വെട്ടിലായിരിക്കുകയാണ് സർദാരിയും പി.പി.പി സർക്കാറും. ജനറൽ മുശർറഫിനോട് ഇതിനുള്ള അനുമതി അമേരിക്ക തേടുകയും വൻ തുക പ്രതിഫലമായി നൽകുകയും ചെയ്തിരുന്നെങ്കിലും കസേരക്കിളക്കം തട്ടിയ മുശർറഫ് പരസ്യമായി അനുമതി നൽകിയിരുന്നില്ല. ക്ഷമ നശിച്ച ബുഷ് അഫ്ഗാനിസ്താനിലും ഇറാഖിലും തന്റെ പട്ടാളം ചെന്നു കയറിയത് സമ്മതം ചോദിച്ചല്ലല്ലോ എന്ന സത്യമോർത്ത് പാകിസ്താന്റെ അതിർത്തി ഭേദിച്ച് മിസൈലാക്രമണങ്ങൾക്ക് പച്ചക്കൊടി കാട്ടുകയായിരുന്നു.

അതിർത്തി സംസ്ഥാനത്തെയും ബലൂചിസ്താനിലെയും ഫെഡറൽ ഭരണപ്രദേശത്തെയും ഗോത്രവർഗ മേഖലകളിലാണ് യാങ്കികളുടെ അനുസ്യൂത ബോംബ് വർഷം. ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന് അമേരിക്ക ലോകത്തോട് പറയുന്ന ഉസാമാ ബിൻലാദിന്റെയും മുല്ലാ ഉമറിന്റെയും ഒളിസങ്കേതങ്ങൾ തകർക്കാനെന്ന പേരിലാണ് ഈ തീമഴയെങ്കിലും അവരവിടെ ഒളിഞ്ഞിരിപ്പുണ്ടെന്നതിന് ഒരുവിധ തെളിവും സി.ഐ.എയുടെ പക്കലില്ല. ബിൻലാദിനും മുല്ലാ ഉമറും ജീവിച്ചിരിപ്പുണ്ടോ എന്നു പോലും ആർക്കുമറിയില്ല. മദ്‌റസകളിലെ നിരപരാധികളായ കുട്ടികളും സിവിലിയൻമാരുമാണ് അമേരിക്കൻ മിസൈൽ വർഷത്തിൽ വെന്തെരിയുന്നത്. ഏറ്റവും ഒടുവിൽ ബിൻലാദിന്റെ കൂട്ടാളിയെന്നാരോപിച്ച്, ഒരുകാലത്ത് റഷ്യൻപടയെ തുരത്താൻ അമേരിക്കതന്നെ ആയുധമണിയിച്ചിരുന്ന ജലാലുദ്ദീൻ ഹഖാനിയുടെ ആസ്ഥാനവും യാങ്കിപ്പട തകർത്തെങ്കിലും കുറെ കുരുന്നുകൾക്ക് ജീവൻ പോയത് മിച്ചം. ധിക്കാരവും അവഹേളനയും സഹിക്കാനാവാതെ ഒടുവിൽ പൊട്ടിത്തെറിച്ചത് പാക് സൈനിക മേധാവി അശ്ഫാഖ് പർവേസ് കിയാനിയാണ്. സിവിലിയൻ കുരുതി അമേരിക്ക അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട ജനറൽ കിയാനി, അതിർത്തി കടന്ന് ആക്രമണം നടത്താൻ ഒരു കരാറും അമേരിക്കയുമായി ഒപ്പിട്ടിട്ടില്ലെന്നും തീർത്തു പറയുന്നു. ജനരോഷം ആളിപ്പടരുകയും കീഴ്‌വഴക്കത്തിന് വിപരീതമായി സർക്കാർ വക്താക്കൾക്കു പകരം സൈനികമേധാവി പ്രതികരിക്കുകയും ചെയ്തപ്പോൾ ഗത്യന്തരമില്ലാതെയാണ് സർക്കാർ നിലപാടാണ് കിയാനിയുടേതെന്ന് സർക്കാർ പറഞ്ഞൊഴിഞ്ഞത്.

എന്നാൽ ഒട്ടും വൈകാതെ, പാകിസ്താൻ സൈന്യം തന്നെയാണ് തീവ്രവാദികൾക്കെതിരെ ഓപ്പറേഷൻ നടത്തുന്നതെന്ന വിശദീകരണവുമായി രംഗത്ത് വന്നിരിക്കുന്നു പി.പി.പി സർക്കാർ. അതിനർഥം, അമേരിക്ക സർദാരിയുടെ നേരെ കണ്ണുരുട്ടിയിട്ടുണ്ട് എന്നുതന്നെ. അതോടെ സർദാരിയുടെയും പി.പി.പിയുടെയും മുമ്പിൽ ഓപ്ഷനുകൾ ചുരുങ്ങി

വരുന്നു. ഒന്നുകിൽ രണ്ടാമതൊരു ഹാമിദ് കർസായി ആയിക്കൊണ്ട് അമേരിക്കൻ പടയെ സ്വന്തം മണ്ണിൽ കുടിയിരുത്തി ആണവായുധപ്പുരയടക്കം അവരെ ഏൽപിച്ച് സർദാരിക്കും പാർട്ടിക്കും കുറച്ചുകാലം വാഴാം. പ്രതിഷേധിക്കുന്ന ജനങ്ങളുടെ മേൽ ഭീകര മുദ്ര കുത്തി കൂട്ടക്കശാപ്പ് ചെയ്യുന്ന കാര്യം യാങ്കിപ്പട നോക്കിക്കൊള്ളും. അല്ലെങ്കിൽ രാജ്യത്തിന്റെ പരമാധികാരവും ആത്മാഭിമാനവും രക്ഷിക്കാൻ ജനങ്ങളെ വിശ്വാസത്തിലെടുത്ത് അമേരിക്കയുടെ കടന്നാക്രമണത്തിനെതിരെ ധീരമായ നിലപാട് സ്വീകരിക്കാം. രണ്ടാമതുപറഞ്ഞ വഴി കടുത്ത പരീക്ഷണങ്ങളുടേതാണ്. അതിന് അഹ്മദീ നിജാദിന്റെയോ ഫിഡൽ കാസ്ട്രോയുടെയോ ചാവേസിന്റെയോ ആർജവവും നട്ടെല്ലും വേണം. ആസിഫ് അലി സർദാരിയുടെ ജാതകം അതിവിദഗ്ധനായ ജ്യോത്സ്യൻ പരിശോധിച്ചാൽ പോലും അങ്ങനെയൊന്ന് കണ്ടെത്തുക ഏതാണ്ട് അസാധ്യമാവും. സർദാരിയും കൂട്ടുകാരും കീഴടങ്ങിയാലോ? അമേരിക്ക ആഗ്രഹിക്കുന്നതു പോലെ സുഗമമാവില്ല, പതിനാല് കോടി ജനങ്ങളുടെ പാകിസ്താനെ പിടിച്ചുവിഴുങ്ങൽ. ധീരരും രണശൂരരും മതാഭിമാനികളുമായ ഒരു വലിയ വിഭാഗം ആ രാജ്യത്തുണ്ട്. അവരുടെ ശക്തമായ ചെറുത്തുനിൽപ് കണക്ക് കൂട്ടലുകൾ തെറ്റിക്കും. ബുഷിന്റെ പിൻഗാമി ബറാക് ഒബാമയോ ജോൺ മെക്കെയിനോ ആരായിരുന്നാലും ഒരു വീണ്ടുവിചാരം അനിവാര്യമാക്കും. അല്ലെങ്കിൽതന്നെ ഇറാഖിൽനിന്ന് തലയൂരാൻ വഴിതേടുകയാണ് ബറാക് ഒബാമ.

സത്യത്തിൽ അമേരിക്കയുടെ ഉന്നം ബിൻലാദിനോ മുല്ലാ ഉമറോ താലിബാൻ പോലുമോ അല്ല. സദ്ദാം ഹുസൈൻ കൂട്ടനശീകരണായുധങ്ങൾ കൂട്ടിവെച്ചു എന്ന പച്ചക്കള്ളത്തിന്റെ പുറത്തായിരുന്നല്ലോ അമേരിക്കയുടെ ഇറാഖ് അധിനിവേശം. ബിൻലാദിനെ തേടി അഫ്ഗാൻ സർക്കാറിനെ നിഷ്കാസനം ചെയ്ത് കാബൂൾ പിടിച്ചെടുത്തിട്ട് ഏഴു വർഷം പൂർത്തിയായിട്ടും പ്രഖ്യാപിത ലക്ഷ്യം നേടാനാവാത്ത അമേരിക്ക ഇനി പാകിസ്താനെ കൂടി കടന്നുപിടിക്കുന്നതിന്റെ ലക്ഷ്യം സ്പഷ്ടമാണ്. സോവിയറ്റ് യൂനിയന്റെ തിരോധാനത്തിനു ശേഷം തങ്ങൾ മുഖ്യശത്രുവായി കരുതുന്ന ഇസ്‌ലാമിക ശക്തികളെ സർവശക്തിയും ഉപയോഗിച്ചു ഉന്മൂലനം ചെയ്യുക. മുസ്‌ലിംലോകത്ത് പാകിസ്താനാണ് ആണവായുധം കൈവശമുള്ള ഒരേയൊരു രാഷ്ട്രം. ഊർജാവശ്യങ്ങൾക്കാണെങ്കിലും ആണവനിലയങ്ങൾ സ്ഥാപിക്കാനൊരുങ്ങുന്ന ഇറാനെതിരെ വാളോങ്ങുന്ന അമേരിക്ക, ഇതിനകം അണുബോംബുകൾ നിർമിച്ചുകഴിഞ്ഞ പാകിസ്താന്റെ കാര്യത്തിൽ കൂടുതൽ കർക്കശ സമീപനമാണ് സ്വീകരിക്കാൻ പോവുന്നത്. ഇക്കാര്യത്തിൽ പാകിസ്താനെ ശത്രുവായി കാണുന്ന ഇന്ത്യയുടെ സഹകരണം അമേരിക്കക്ക് ഏറ്റവും വിലപ്പെട്ടതാണ്. അത് ഉറപ്പാക്കാൻ 123 കരാർ ഉതകുമെന്ന പ്രതീക്ഷയാണ് ഏതു തടസ്സങ്ങൾ നീക്കിയും എത്രയും പെട്ടെന്ന് ഇന്ത്യയുമായി ആണവകരാർ ഒപ്പുവെക്കാൻ ജോർജ് ബുഷ് ധൃതിക്കാട്ടുന്നത്. ഭരിക്കുന്നത് കോൺഗ്രസ്സോ ബി.ജെ.ബിയോ ആരായാലും തങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് വിശ്വസ്ത കൂട്ടാളികളായ വലതുപക്ഷം ഇന്ത്യയിൽ പിടിമുറുക്കിക്കഴിഞ്ഞുവെന്ന് വൈറ്റ്ഹൗസ് ന്യായമായും മനസ്സിലാക്കുന്നു. എന്തിലും ഏതിലും ബിസിനസ് താൽപര്യം മാത്രം മുമ്പിൽ കാണുന്ന ഇന്ത്യയിലെയും പാകിസ്താനിലെയും ഉപരിവർഗ-മധ്യവർഗ രാഷ്ട്രീയ, സാമ്പത്തിക ശക്തികളിൽനിന്ന് ഒരുവിധ ചെറുത്തുനിൽപും സാമ്രാജ്യത്വം ഭയപ്പെടുന്നുമില്ല. അങ്ങനെ ഏകധ്രുവലോകം എന്ന യാങ്കി സ്വപ്നം സാക്ഷാത്കരിക്കാനുള്ള തിരക്കഥയുടെ നിർണായക പരീക്ഷണാലയമാവുകയാണ് ആസിഫ് സർദാരിയുടെ പാകിസ്താൻ. പര്യവസാനം ശുഭമോ, തിരിച്ചടിയോ എന്ന് തീരുമാനിക്കുക ഉപഭൂഖണ്ഡത്തിലെ സാമ്രാജ്യത്വവിരുദ്ധരുടെ ചെറുത്തുനിൽപ് ശ്രമങ്ങൾക്കുപരി ദാക്ഷിണ്യമില്ലാത്ത ദൈവനീതി ആയിരിക്കും. ■